7242
25/7/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- ഡബ്ല്യൂ.പി(സി) നം. 10891/14 മേലുള്ള ബഹു. ഹൈക്കോടതിയുടെ 11.04.2014 ലെ വിധിന്യായം, ഡബ്ല്യൂ.പി(സി) നം. 11653/14, 11671/14, 11685/14 എന്നീ കേസുകളിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 29.4.2014-ലെ വിധിന്യായം, ഡബ്ല്യൂ.പി(സി) നം. 11749/14, 11750/14, 11752/14, 11753/14 എന്നീ കേസുകളിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 2.5.2014 ലെ വിധിന്യായം -പരാതിക്കാരുടെ പ്രതിനിധിയെ നേരിൽ കേട്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(എം.എസ്) നം. 60/2014/സാനീവ        തീയതി, തിരുവനന്തപുരം, 19.07.2014

---

പരാമർശം :- 1) 7.8.2009 ലെ സ.ഉ(എം.എസ്) നം. 31/2009/സാക്ഷേവ.
2) 31.05.2012 ലെ സ.ഉ(എം.എസ്) നം. 33/2012/സാക്ഷേവ.
3) 30.04.2014 ലെ സ.ഉ(എം.എസ്) നം. 31/2014/സാനീവ.
4) ഡബ്ല്യൂ.പി(സി) നം. 10891/14 മേലുള്ള ബഹു. ഹൈക്കോടതിയുടെ 11.04.2014 ലെ വിധിന്യായം
5) ഡബ്ല്യൂ.പി(സി) നം. 11653/14, 11671/14, 11685/14 എന്നീ കേസുകളിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 29.4.2014 ലെ വിധിന്യായം.
6) ഡബ്ല്യൂ.പി(സി)നം. 11749/14, 11750/14, 11752/14,1 1753/14 എന്നീ കേസുകളിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 2.5.2014-ലെ വിധിന്യായം
7) സാമൂഹ്യനീതി ഡയറക്ടറുടെ 11.06.2014ലെ ഐസിഡിഎസ്/ബി4-10392/14 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

അംഗൻവാടി ജീവനക്കാരുടെ വിരമിക്കൽ തീയതി ഏകീകരിച്ച് ഏപ്രിൽ 30 ആയി നിശ്ചയിച്ച് പരാമർശം (1) പ്രകാരവും, ടി ജീവനക്കാരുടെ പെൻഷൻ പ്രായം 62 വയസ്സായി നിജപ്പെടുത്തി പരാമർശം (2) പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അംഗൻവാടി ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തണമെന്ന് അഭ്യർത്ഥിച്ച് നിരവധി നിവേദനങ്ങൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ച് അന്തിമ തീരുമാനമെടുക്കുന്നതിന്റെ ഭാഗമായി 30.4.2014 ന് വിരമിക്കേണ്ടിയിരുന്ന അംഗൻവാടി ജീവനക്കാരെ 1.5.2014 മുതൽ 3 മാസത്തേയ്ക്ക് കൂടി സർവ്വീസിൽ തുടരാൻ അനുവദിച്ച് പരാമർശം(3) പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. അംഗൻവാടി ജീവനക്കാരുടെ വിരമിക്കൽ പ്രായം 65 വയസ്സായി നിജപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ച് നിരവധി ജീവനക്കാർ ഫയൽ ചെയ്ത കേസുകളിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ പരാമർശം (4),(5) പ്രകാരമുള്ള വിധിന്യായങ്ങളിൽ വിരമിക്കൽ പ്രായം ഉയർത്തണമെന്ന പരാതിക്കാരുടെ നിവേദനത്തിന്മേൽ അന്തിമ തീരുമാനം എടുക്കുന്നതിനു മുൻപ് പരാതിക്കാരുടെ ഒരു പ്രതിനിധിയെ നേരിൽ കേൾക്കണമെന്ന് ബഹു. കോടതി നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരുടെ പ്രതിനിധികളെ 9.7.2014 ന് സാമൂഹ്യനീതി വകുപ്പ് അഡീഷണൽ സെക്രട്ടറി നേരിൽ

കേൾക്കുകയുണ്ടായി. ഐ.സി.ഡി.എസ് മിഷൻ മോഡിലേയ്ക്ക് മാറ്റുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അംഗൻവാടി ജീവനക്കാരുടെ പെൻഷൻ പ്രായം 65 വയസ്സായി നിജപ്പെടുത്തി അതുവരെ സർവ്വീസിൽ തുടരാൻ അനുവദിക്കണമെന്നാണ് പ്രസ്തുത പ്രതിനിധികൾ അഭ്യർത്ഥിച്ചത്.

3. പല സംസ്ഥാനങ്ങളിലും അംഗൻവാടി ജീവനക്കാരുടെ വിരമിക്കൽ പ്രായം നിജപ്പെടുത്തിയിട്ടില്ലാത്തതിനാൽ പരമാവധി 65 വയസ്സായി നിജപ്പെടുത്താവുന്നതാണെന്ന കേന്ദ്ര തീരുമാനത്തോട് വിവിധ സംസ്ഥാന സർക്കാരുകൾ യോജിച്ചിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ ഒരു പൊതുവായ നയ തീരുമാനം ആവശ്യമാണെന്ന നിലയിലാണ് 65 വയസ്സിനു മേലുള്ള ജീവനക്കാരെ അംഗൻവാടിയിൽ തുടരാൻ അനുവദിക്കേണ്ടതില്ലായെന്ന് ഐ.സി.ഡി.എസ് മിഷൻ മോഡിന്റെ മാർഗ്ഗനിർദ്ദേശത്തിൽ നിഷ്കർഷിച്ചിരിക്കുന്നത്.

4. പ്രീ-സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിനും കുട്ടികളുടെ ആരോഗ്യ പോഷക കാര്യങ്ങൾ ശാസ്ത്രീയമായി വിലയിരുത്തി മേൽ നടപടികൾ കൈക്കൊള്ളുന്നതിനും പ്രായാധിക്യമുള്ള അംഗൻവാടി ജീവനക്കാർക്ക് കഴിയുന്നില്ല എന്നാണ് പൊതുവേ ഉള്ള വിലയിരുത്തൽ. ആയതിനാൽ ഐ.സി.ഡി.എസ് മിഷൻ മോഡിന്റെ മാർഗ്ഗ നിർദ്ദേശങ്ങളിൽ വിരമിക്കൽ പ്രായപരിധി 65 വയസ്സായി ഉയർത്താമെന്ന് പറയുന്നുവെങ്കിലും ആയത് സംബന്ധിച്ചുള്ള തീരുമാനം എടുക്കുന്നതിന് സംസ്ഥാന സർക്കാരുകൾക്ക് അധികാരം ഉണ്ടെന്നും, സംസ്ഥാനത്തെ സാഹചര്യം പരിഗണിക്കുമ്പോൾ അംഗൻവാടികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുന്നതിനും അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത യുവതികൾക്ക് അവസരം ലഭിക്കുന്നതിനും അംഗൻവാടി ജീവനക്കാരുടെ വിരമിക്കൽ പ്രായം ഉയർത്തുന്നത് അഭികാമ്യമല്ലായെന്നും വിരമിക്കൽ പ്രായം എല്ലാ വർഷവും ഏപ്രിൽ 30 ന് 62 വയസ്സായി നിജപ്പെടുത്താവുന്നതാണെന്നും പരാമർശം (6) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അംഗൻവാടി ജീവനക്കാരുടെ പെൻഷൻ പ്രായം 62 വയസ്സായും വിരമിക്കൽ തീയതി എല്ലാ വർഷവും ഏപ്രിൽ 30 ആയി നിജപ്പെടുത്തിയും, സൂചന(3) ലെ ഉത്തരവിൻ പ്രകാരം സേവനത്തിൽ തുടരുന്ന അംഗൻവാടി വർക്കർമാരെയും ഹെൽപ്പർമാരെയും 31.07.2014 വരെ മാത്രം സർവ്വീസിൽ തുടരാൻ അനുവദിച്ചും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എൻ.ബി.കോമളവല്ലി അമ്മ
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ
ശിശുവികസന പദ്ധതി ഓഫീസർമാർ (സാമൂഹ്യനീതി ഡയറക്ടർ മുഖാന്തിരം)
എല്ലാ പരാതിക്കാർക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
തദ്ദേശ സ്വയം ഭരണ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ